കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വയനാട് ജില്ലയ്ക്ക് അനുവദിച്ച അഞ്ച് ഫോറസ്റ്റ് സ്റ്റേഷനുകൾ/ ഒരു എലിഫന്റ് സ്ക്വാഡ് എന്നിവയ്ക്ക് തസ്തികകളും, ആവർത്തന/ആവർത്തനേതര ചെലവുകൾക്കുള്ള തുകയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

ജി.ഒ(എം.എസ്) നം. 05/2014/വനം തീയതി,തിരുവനന്തപുരം, 28/01/2014

---

പരാമർശം:
1. GO(Ms) 88/2013/F&WLD തീയതി 25/9/2013
2. 25/9/2013 ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഫോറസ്റ്റ് വാർഡന്റെ WL1-28582/2013 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്ന് പ്രകാരം വയനാട് ജില്ലയിൽ ഒരു എലിഫന്റ് സ്ക്വാഡ്, അഞ്ച് ഫോറസ്റ്റ് സ്റ്റേഷനുകൾ എന്നിവ പുതുയതായി ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നെങ്കിലും ആയതിലേക്ക് വേണ്ടിവരുന്ന തസ്തികകളോ ആവർത്തന/ആവർത്തനേതര ചെലവുകൾക്ക് വേണ്ടിവരുന്ന തുകയോ അനുവദിച്ചിരുന്നില്ല. പരാമർശം രണ്ടിലെ കത്തുവഴി മേൽ സർക്കാർ ഉത്തരവുവഴി അനുവദിച്ച ഒരു എലിഫന്റ് സ്ക്വാഡ്/അഞ്ച് ഫോറസ്റ്റ് സ്റ്റേഷനുകൾ എന്നിവയ്ക്ക് വേണ്ടിവരുന്ന തസ്തികകളും ആവർത്തന/ആവർത്തനേതര ചെലവുകൾക്ക് വേണ്ടിവരുന്ന തുകയും അനുവദിച്ചാൽ മാത്രമേ പരാമർസം .1-ലെ സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ സാധിക്കുകയുള്ളു എന്ന് ഭരണ വിഭാഗം മുഖ്യവനപാലകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, പരാമർശം ഒന്നു പ്രകാരം അനുമതി നൽകിയ അഞ്ച് ഫോറസ്റ്റ് സ്റ്റേഷനുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ രൂപീകരിക്കുന്നതിന് ഉത്തരവാകുന്നു.

**വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ**

1. മുത്തങ്ങ
2. തോട്ടാമൂല
3. കുപ്പാടി
4. തോൽപ്പെട്ടി.

**സൗത്ത് വയനാട് ഡിവിഷൻ**

1. ഇരുളം

മേൽ പ്രസ്താവിച്ച ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് താഴെപ്പറയുന്ന ആവർത്തന/ ആവർത്തനേതര തുകകൾ അനുവദിക്കുന്നു.

a) പുതുതായി സൃഷ്ടിക്കുന്ന തസ്തികകളും ആയതിലേയ്ക്ക് വേണ്ടിവരുന്ന ആവർത്തന ചെലവുകളും

| ക്രമ നം. | തസ്തിക | എണ്ണം | ശരാശരി ശമ്പളം | വാർഷിക ശമ്പളം (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|
| 1. | ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ | 3 | 21000 | 7.56 |
| 2. | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 3 | 20000 | 7.20 |
| 3. | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 40 | 15000 | 72.00 |
| 4. | ക്ലാർക്ക് | 3 | 14500 | 5.22 |
| | ആകെ | 49 | | 91.98 |

b) മറ്റ് ആവർത്തന ചെലവുകൾ

| ക്രമ നം. | ഐറ്റം | എണ്ണം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1. | വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ. | 10 | 3.50 |
| 2. | വാക്കി-ടോക്കി, വയർലസ് സെറ്റ്സ്, തോക്കുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ | | 0.50 |
| | ആകെ | | 4.00 |

ആവർത്തനേതര ചെലവുകൾ

| ക്രമ നം. | ഐറ്റം | എണ്ണം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 . | ജീപ്പുകൾ | 5 | 30.00 |
| 2. | മോട്ടോർ സൈക്കിൾ | 5 | 3.68 |
| 3. | വയർലസ്സ് മെയിൻ സെറ്റുകൾ | 5 | 3.57 |
| 4. | വാക്കി-ടാക്കി | 50 | 5.00 |
| 5. | തോക്കുകൾ | 10 | 2.00 |
| | ആകെ | | 44.25 |

മൊത്തം ആവർത്തന ചെലവുകൾ (രൂപ ലക്ഷത്തിൽ) (a+b) : 95.98

ആവർത്തനേതര ചെലവുകൾ (രൂപ ലക്ഷത്തിൽ) : 44.25

II. എലിഫന്റ് സ്ക്വാഡ് രൂപീകരിക്കുന്നതിന് താഴെപ്പറയുന്ന ആവർത്തന/ ആവർത്തനേതര ചെലവുകൾ അനുവദിക്കുന്നു.

a) പുതുതായി സൃഷ്ടിക്കുന്ന തസ്തികകളും ആയതിലേയ്ക്ക് വേണ്ടിവരുന്ന തുകകളും.

| ക്രമ നം. | തസ്തിക | എണ്ണം | ശരാശരി ശമ്പളം | വാർഷിക ശമ്പളം (രൂപ ലക്ഷത്തിൽ |
|---|---|---|---|---|
| 1. | വെറ്റിനറി ഡോക്ടർ | 1 | 30,000 | 3.60 |
| 2. | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 1 | 30,000 | 3.60 |
| 3 | ഡ്രൈവർ | 2 | 13,500 | 3.24 |
| | ആകെ | 4 | | 10.44 |

b) മറ്റു ആവർത്തന ചെലവുകൾ

| ക്രമ നം. | ഐറ്റം | എണ്ണം | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | ആനകളുടെ ഭക്ഷണത്തിനും പരിശീലനത്തിനുമുള്ള ചിലവുകൾ | 2 | 14.00 |
| 2. | ദിവസക്കൂലി അടിസ്ഥാനത്തിൽ ട്രാക്ടർമാരെയും സഹായികളെയും നിയമിക്കുന്നതിനുള്ള ചിലവുകൾ | 10 | 12.00 |
| | ആകെ | | 26.00 |

2) അഞ്ച് ഫോറസ്റ്റ് സ്റ്റേഷനുകൾ, ഒരു എലിഫന്റ് സ്ക്വാഡ് എന്നിവയ്ക്ക് വേണ്ടിവരുന്ന മൊത്തം ചെലവ് താഴെ പറയും പ്രകാരമുള്ളതാണ്.

| | | |
|---|---|---|
| മൊത്തം തസ്തികകളുടെ എണ്ണം | : | 53 എണ്ണം |
| ജീപ്പുകൾ | : | 5 എണ്ണം |
| മോട്ടോർ സൈക്കിൾ | : | 5 എണ്ണം |
| വയർലസ് സെറ്റ് | : | 55 എണ്ണം |
| തോക്കുകൾ | : | 10 എണ്ണം |
| ആയവയ്ക്കുള്ള ആവർത്തന ചിലവുകൾ | : | 132.42ലക്ഷം രൂപ |
| ആവർത്തനേതര ചിലവുകൾ | : | 44.25 ലക്ഷം രൂപ |
| ആകെ | : | 176.67 ലക്ഷം രൂപ |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പി.കെ.മൊഹന്തി,
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി) & ചീഫ് വൈൽഡ് വാർഡൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) തിരുവന്തപുരം
ധനകാര്യ വകുപ്പ് (vide 93350/ Agri wing A2/13/Fin. dated 29/11/2013)
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നമ്പർ 4811)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:
വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ